**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **04-03-2025 - ൽ മറുപടിയ്ക്ക്**

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർപ്ലാനിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് യോഗം ചേരുകയും എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രം ക്ഷണിച്ചതിൽ M/s Capital Engineering Consultancy Private Limited, കോട്ടയം എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിശ്ചയിച്ചിട്ടുള്ളതുമാണ്. എരുമേലി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. പൂഞ്ഞാർ എം.എൽ.എ-യുടെ സാന്നിധ്യത്തിലും 15/10/2024-ന് യോഗം ചേർന്ന് പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിച്ചിരുന്നു. കൂടാതെ എരുമേലി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് 29/01/2025-ൽ ബഹു. പൂഞ്ഞാർ എം.എൽ.എ ദേവസ്വം ബോർഡ് പ്രസിഡന്റിന് സമർപ്പിച്ച പ്രൊപ്പോസൽ കൂടി പരിശോധിച്ച് ഉൾപ്പെടുത്താനാവുന്ന നിർദ്ദേശങ്ങൾ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്നതിന് കൺസൾട്ടന്റ് സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ